## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3480

14/03/2017 ൽ മറുപടിയ്ക്ക്

## പത്ര -ദൃശ്യ -ഡിജിറ്റൽ മാധ്യമരംഗത്തെ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. എസ്. ശബരിനാഥൻ | | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
| (എ) | സംസ്ഥാനത്തെ പത്ര-ദൃശ്യ-ഡിജിറ്റൽ മാധ്യമരംഗത്തെ അസംഘടിത തൊഴിലാളികൾക്കും പ്രാദേശിക പത്രപ്രവർത്തകർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകുന്നത്; ഇവരുടെ ക്ഷേമപ്രവർത്തനങ്ങൾ ഏത് വെൽഫെയർ ബോർഡിന്റെ കീഴിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; | (എ) | പത്രദൃശ്യമാധ്യമരംഗത്തെ അസംഘടിത തൊഴിലാളികൾക്കും, പ്രാദേശിക പത്രപ്രവർത്തകർക്കും തൊഴിൽ വകുപ്പിന് കീഴിൽ കൈത്തൊഴിലാളി വിദഗ്ദതൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമായി ചേരാവുന്നതാണ്. |
| (ബി) | പ്രധാന മാധ്യമപ്രവർത്തകർക്ക് സംസ്ഥാന സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ ഇത്തരം തൊഴിലാളികൾക്കും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | നിവേദനം ലഭിച്ചിട്ടുണ്ട്. പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധിക്കായി 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ,സ.ഉ(സാധാ)നം.686/2012/ I&PR തിയതി 15/12/2012 പ്രകാരം ഭരണാനുമതി നൽകി ഉത്തരവായിരുന്നു. എന്നാൽ പ്രാദേശിക പത്രപ്രവർത്തകർ 1993 ലെ കേരള സംസ്ഥാന പത്രപ്രവർത്തക പെൻഷൻ പദ്ധതി ചട്ടം(1) പ്രകാരം |

| | |
|---|---|
| | പത്രപ്രവർത്തകൻ എന്ന നിർവചനത്തിൽ വരാത്തതിനാലും നിലവിൽ തൊഴിൽ വകുപ്പിന് കീഴിൽ കൈത്തൊഴിലാളി വിദഗ്ദതൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗമായി ചേരാവുന്നതാണ് എന്നും മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ സ.ഉ(സാധാ)നം.411/2016/I&PR തിയതി 25/10/2016 പ്രകാരം.ഭരണാനുമതി നൽകിയ ഉത്തരവ് പിൻവലിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. |
| (സി) ഇത്തരം പത്രപ്രവർത്തകർക്ക് പി.ആർ.ഡി മുഖേന അക്രഡിറ്റേഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇവരുടെ വേതനം വർദ്ധിപ്പിച്ച് ഏകീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) പരിഗണനയിലില്ല. |
| (ഡി) ഇവരുടെയും കുടുംബത്തിന്റെയും ചികിത്സയ്ക്ക് സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയിൽപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുമോ; | (ഡി) ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന് കീഴിൽ പ്രാദേശികപത്ര പ്രവർത്തകർക്ക് പ്രത്യേക ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നിലവിലില്ല. |
| (ഇ) മറ്റ് സംസ്ഥാനങ്ങളിൽ ഇത്തരം പത്രപ്രവർത്തകർക്ക് പ്രധാന പത്രക്കാർക്ക് ഒപ്പം പരിഗണന നൽകി ആനുകൂല്യങ്ങൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ